# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3062** — 21/06/2013 ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ കൈകാര്യം ചെയ്ത അപേക്ഷകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ നിന്നും കർഷക കടാശ്വാസ കമ്മീഷന് 2011-2012, 2012- 2013 വർഷത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (എ) | പാലക്കാട് ജില്ലയിൽ നിന്ന് 2011-2012 2012-2013 വർഷങ്ങളിലായി ആകെ 987 അപേക്ഷകൾ കമ്മീഷനിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്; | (ബി) | കടാശ്വാസം ലഭിക്കുന്നതിനായി കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 31/05/2009 ആയി നിശ്ചയിച്ചിട്ടുള്ളതാണ്. അതിന് ശേഷം ലഭിച്ച അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല. |
| (സി) | എത് തരത്തിലുള്ള വായ്പകളാണ് കടാശ്വാസ കമ്മീഷൻ തീർപ്പാക്കുന്നത് എന്ന് വിശദമാക്കുമോ; | (സി) | 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് നിലവിൽ വന്ന 18/01/2007നോ അതിനു മുമ്പോ ഒരു കരാറിൻ കീഴിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ഡിക്രിയുടെയോ അല്ലെങ്കിൽ ഉത്തരവിന്റെയോ കീഴിലോ അല്ലെങ്കിൽ മറ്റ് വിധത്തിലോ ജാമ്യമുള്ളതോ ജാമ്യമില്ലാത്തതോ ആയതും ഒരു കർഷകനിൽ നിന്ന് 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സംഘത്തിനോ, ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾക്കോ കിട്ടേണ്ടതുമായ ബാദ്ധ്യതകൾക്കാണ് കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. |

എന്നാൽ ഈ കടങ്ങൾ കർഷകൻ തന്റെ വരുമാനവർദ്ധനവിനായി കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾക്കൊഴികെ വാണിജ്യാവശ്യത്തിനോ ആഡംബരത്തിനോ വേണ്ടിയെടുത്തവയാകരുത്. വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി പരിഗണിച്ച് ജില്ലയിലെ കർഷകരുടെ 31/10/2011 വരെയുള്ള മേല്പറഞ്ഞ രീതിയിലുള്ള കടങ്ങൾ കൂടി കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | കടാശ്വാസ കമ്മീഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ഡി) | ഉടമസ്ഥനായോ, പാട്ടക്കാരനായോ അല്ലെങ്കിൽ ഭാഗികമായി ഒരു നിലയിലും ഭാഗികമായി മറ്റുവിധത്തിലും നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതും കൃഷി പ്രധാന ഉപജീവനമാർഗ്ഗം ആയിരിക്കുകയും ചെയ്യുന്ന കർഷകനോ കർഷകത്തൊഴിലാളിക്കോ പാട്ടക്കരാർ വ്യവസ്ഥയിൽ കൃഷിസ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുന്ന കുടുംബശ്രീ/ സ്വയംസഹായ സംഘ യൂണിറ്റുകൾക്കോ കടാശ്വാസത്തിന് അപേക്ഷ നൽകാവുന്നതാണ്. കടാശ്വാസം ലഭിക്കുന്നതിനായി കമ്മീഷൻ മുമ്പാകെ അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി 31/05/2009 ആയി നിശ്ചയിച്ചിട്ടുണ്ട്.<br>എന്നാൽ വയനാട് ജില്ലയിലെ കർഷകരുടെ 31/10/2011 വരെയുള്ള കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നതനുസരിച്ച് നിലവിൽ വയനാട് ജില്ലയിലെ കർഷകരിൽ നിന്ന് കമ്മീഷനിൽ അപേക്ഷകൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ